**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3360**
**25.06.2012-ലെ മറുപടിക്ക്**

**സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ.കെ.എം.മാണി,<br>ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) | സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ്മാരായി നിയമനം ലഭിച്ചവർക്കും ഉയർന്ന തസ്തികകളിൽ ജോലി ചെയ്യുന്നവർക്കും ശമ്പള പരിഷ്കരണത്തിലെ അപാകത പരിഹരിച്ച് ശമ്പളം പുതുക്കി നിശ്ചയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളുടെ ശമ്പളപരിഷ്കരണത്തിലെ അപാകത പരിഹരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതേ രീതിയിൽ നിയമനം ലഭിച്ച മറ്റു വകുപ്പുകളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ; തടസ്സമില്ലെങ്കിൽ ശമ്പളം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; | സെക്രട്ടേറിയറ്റിലെയും മറ്റ് ഇതര വകുപ്പുകളിലെയും ജീവനക്കാരെ നിയമിക്കുന്നത് അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലും തസ്തികകളുടെ ശമ്പള സ്കെയിലുകൾ നിശ്ചയിക്കുന്നത് വിവിധ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയുമാണ്. ഒമ്പതാം ശമ്പള പരിഷ്കരണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളവ ഇവയുടെ അടിസ്ഥാനത്തിൽ പരിഹരിച്ചുവരുന്നു. |
| (സി) | സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ശമ്പളം നിലവിൽ പരിഷ്കരിച്ചത് വഴി കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പളത്തിലുണ്ടായ അന്തരം പരിഷ്കരിക്കാൻ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ; | ഒമ്പതാം ശമ്പള കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റ് ഇതര വകുപ്പുകളിലെ ഉയർന്ന തസ്തികകൾക്ക് അനുവദിച്ച ശമ്പള സ്കെയിലുമായി ശമ്പള നിർണ്ണയത്തിലെ വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് സെക്രട്ടേറിയറ്റിലെ ഉയർന്ന തസ്തികകളുടെ ശമ്പള സ്കെയിലുകളിൽ വന്ന അപാകത പരിഹരിക്കുകയാണ് ചെയ്തിട്ടുള്ളത്. |

| | | |
|---|---|---|
| (ഡി) | സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സംവിധാനത്തിൽ എത്ര പരാതികൾ നാളിതുവരെ ലഭിച്ചുവെന്നും, സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ; | സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും 9-ാം ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിശോധിച്ച് പരിഹരിക്കുന്നതിനായി GO(Ms) No.96/2011/Fin dated 01.03.2011 പ്രകാരം ഒരു അഡീഷണൽ സെക്രട്ടറി, ഒരു ഡെപ്യൂട്ടി സെക്രട്ടറി, ഒരു അണ്ടർ സെക്രട്ടറി, എന്നീ തസ്തികകൾ ഉൾപ്പെടെ മൂന്ന് സെക്ഷനുകൾ ഉൾക്കൊള്ളുന്ന ഒരു അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി സെല്ലിൽ അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തി കളിൽനിന്നും സർവ്വീസ് സംഘടനകളിൽനിന്നും വകുപ്പുതലവൻ മാരിൽനിന്നുമായി നാളിതുവരെ ആകെ 4917 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ 26.05.2011 ലെ 29/2011/ധന നമ്പർ സർക്കുലറിലെ നിബന്ധനകൾക്ക് അനുസൃതമായി സമർപ്പിക്കപ്പെട്ടിട്ടുള്ളവ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെയായി 89 സർക്കാർ ഉത്തര വുകളും 4 സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരമല്ലാതെ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ 26.05.2011 ലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് വിശദമായി പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി സമർപ്പിക്കാൻ ആവശ്യപ്പെട്ട് ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് അയച്ചുകൊടുത്തുവരുന്നു. |
| (ഇ) | ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | അനുബന്ധമായി ചേർത്തിരിക്കുന്നു. |

Shafeena. B.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**